**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4394** — **06-03-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉല്പന്നങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | **മറുപടി അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ പാലക്കാട് ജില്ലയിൽ 12,721 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. 2023 ഫെബ്രുവരി 28 തീയതി വരെയുള്ള കണക്കുപ്രകാരം 11,765 സംരംഭങ്ങൾ ആരംഭിച്ചതിലൂടെ ജില്ലയിൽ 628.33 കോടി രൂപയുടെ നിക്ഷേപവും 25,948 പേർക്ക് തൊഴിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | കമ്പനിയുടെ പേര് | ഉല്പന്നങ്ങൾ |
|---|---|---|
| 1. | മലബാർ സിമൻറ്സ് ലിമിറ്റഡ് | ഗ്രേ സിമന്റ്ആണ് കമ്പനി ഉത്പാദിപ്പിക്കുന്നത്. |
| 2. | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | കാർഷിക ഉപകരണങ്ങൾ, കട്ട്ലറി, ഓഫീസ്-സ്കൂൾ-ഹോസ്പിറ്റൽ ഫർണിച്ചറുകൾ, ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ട്രോളി, വീൽ ബാരോ, വേസ്റ്റ് ബിൻസ് , സെഗ്രിഗേഷൻ ടേബിൾ, സെഗ്രിഗേഷൻ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റിസ് മുതലായവ. |
| 3. | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (SIFL) ന്റെ ഫോർജിങ് യൂണിറ്റ്, ഷൊർണൂർ | SIFL - ന്റെ അത്താണി യൂണിറ്റിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മെഷീനിംഗ് വർക്കാണ് ഈ യൂണിറ്റിൽ ചെയ്യുന്നത്. |
| 4. | കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് (KEL) കമ്പനിയുടെ ഒലവക്കോട് ഉള്ള യൂണിറ്റ് | ഫ്യൂസ് യൂണിറ്റ്, സ്വിച്ച് ഗിയർ തുടങ്ങിയ ഉല്പന്നങ്ങൾ ആയിരുന്നു മുൻപ് നിർമ്മിച്ചിരുന്നത്. ഈ യൂണിറ്റിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ഉത്പാദന സൗകര്യങ്ങൾ നവീകരിച്ച് എൽ ഇ ഡി ലൈറ്റുകളുടെ ഉൽപാദനം നിലവിൽ നടന്നുവരുന്നു. |
| 5. | സിൽക്കിന്റെ ഒറ്റപ്പാലത്തുള്ള ഫൗണ്ടറി യൂണിറ്റ് | ഫൗണ്ടറി യൂണിറ്റിൽ വാട്ടർ അതോറിറ്റിക്ക് വേണ്ടുന്ന വാൾ കാസ്റ്റിംഗ്, ജോയിൻസ്, CIR Joints, Cast Iron Pipes, കാസ്റ്റിംഗ് റോളേഴ്സ് എന്നിവയും Manhole Cover, Fly wheel മുതലായവയും ഉല്പാദിപ്പിക്കുന്നുണ്ട്. |

| | | |
|---|---|---|
| 6. | KELPALM-ന്റെ കല്ലേപ്പുള്ളി യൂണിറ്റ് | KELPALM-ന്റെ പാലക്കാട് ഉള്ള കല്ലേപ്പുള്ളിയിൽ ഒരു റൈസ് മിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഉത്പാദന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| 7. | കേരള സിഡ്കോയുടെ നിയന്ത്രണത്തിൽ പാലക്കാട് ജില്ലയിൽ സിഡ്കോ മാർക്കറ്റിംഗ് സെന്റർ, സിഡ്കോ റോ മെറ്റീരിയൽ ഡിപ്പോ, വ്യവസായ എസ്റ്റേറ്റുകൾ | ---- |

സെക്ഷൻ ഓഫീസർ